# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1247**

**02.03.2017-ന് മറുപടിയ്ക്ക്**

## <u>സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കലും ഹൈടെക്കാക്കലും പദ്ധതി</u>

| **<u>ചോദ്യം</u>**<br>ശ്രീ.ജോർജ് എം. തോമസ് | **<u>മറുപടി</u>**<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലാക്കലും ക്ലാസുകൾ ഹൈടെക്കാക്കലും പദ്ധതി' ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന, 'സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന' പദ്ധതിയുടെ കീഴിൽ മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകൾ തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.<br>പദ്ധതിയുടെ ഭാഗമായി സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നു വരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐസിടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ, ഐസിടി അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐസിടി പാഠപുസ്തകങ്ങൾ. ഐടി പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനുദ്ദേശിക്കുന്ന നാല് കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു. |

1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷം കൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

| | |
|---|---|
| (സി) തിരുവമ്പാടി മണ്ഡലത്തിൽ നിന്നും പദ്ധതിയിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട വിദ്യാലയങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) മണ്ഡലാടിസ്ഥാനത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ ലിസ്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ